എസ്. എസ്. എ. പദ്ധതിവഴി 2004-05 അദ്ധ്യയനവർഷം നടപ്പാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികൾ

170 [753] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-05 അദ്ധ്യയനവർഷം എസ്. എസ്. എ. പദ്ധതിവഴി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചെലവാക്കിയ തുകയടക്കം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ നിർമ്മാണ പ്രവൃത്തിക്കും അനുവദിച്ചിരുന്ന തുകയിൽനിന്നും 10% തുക മറ്റെന്തെങ്കിലും ഇനത്തിൽ പിടിച്ചുവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷം പൂർണ്ണമായും തുക വിതരണം ചെയ്യാത്തതുകാരണം സ്കൂൾ പി. ടി. എ. കൾക്കുണ്ടായിട്ടുള്ള പ്രതിസന്ധിയെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിച്ച് പദ്ധതിപ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

(തുക ലക്ഷത്തിൽ)

തിരുവനന്തപുരം	..	466.07
കൊല്ലം	..	356.75
പത്തനംതിട്ട	..	114.05
ആലപ്പുഴ	..	301.07
ഇടുക്കി	..	68.13
കോട്ടയം	..	129.21
എറണാകുളം	..	123.09
തൃശ്ശൂർ	..	295.51
പാലക്കാട്	..	252.93
മലപ്പുറം	..	317.44
കോഴിക്കോട്	..	278.05
വയനാട്	..	158.88
കണ്ണൂർ	..	378.48
കാസർഗോഡ്	..	282.55
ആകെ	..	3524.55

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. എന്നാൽ വിൽപ്പന നികുതി നിർബന്ധമായും പിരിച്ചെടുക്കുവാൻ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) വിൽപ്പന നികുതിയിനത്തിൽ 5.6% അതിന്റെ 15% അധിക നികുതിയായും പിരിക്കുന്നുണ്ട്. 1% തൊഴിലാളി ക്ഷേമനിധിയിലേക്കും പിരിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം പരിശോധനയിലാണ്.

എസ്. എസ്. എ. പദ്ധതി (കോഴിക്കോട് ജില്ല)

171 [754] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് എസ്. എസ്. എ. പദ്ധതികൾ നടപ്പിലാക്കിയത്; നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തികവർഷവും നടപ്പു സാമ്പത്തികവർഷവും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക ഏതെങ്കിലും ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര തുക ലാപ്സായി എന്നുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എല്ലാ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലും എസ്. എസ്. എ. പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i) മരാമത്ത് പണികൾക്ക് — 273.5 ലക്ഷം
(ii) സൗജന്യപാഠപുസ്തകത്തിന് — 93.07 ലക്ഷം
(iii) ഇന്നവേറ്റീവ് ആക്ടിവിറ്റീസിന് — 45 ലക്ഷം
(iv) വൈകല്യമുള്ള കുട്ടികളുടെ പഠനത്തിന് — 43.05 ലക്ഷം
(v) അറ്റകുറ്റപ്പണികൾക്ക് — 16.75 ലക്ഷം

(ബി) കഴിഞ്ഞ സാമ്പത്തികവർഷം 855.29 ലക്ഷവും ഈ സാമ്പത്തിക വർഷം 30-6-2005 വരെ 157.84 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(സി) 679.34 ലക്ഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയായ 244 ലക്ഷം സ്പിൽ ഓവർ ആയി ഈ വർഷം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly